ഉണ്ടായിരിക്കുന്നതാണ്. ആവശ്യാനുസരണം ക്ലാസുകളുടെ എണ്ണം കൂട്ടുന്നതായിരിക്കും. ഇതിൽ ഇരുപതും സമ്പൂർണ്ണമായി പ്രാക്ടിക്കലിന് വകിക്കുന്നതാണ്. റെഗുലർ ഹയർ സെക്കന്ററിയിൽ പഠിക്കുന്ന ഒരു കുട്ടി ചുരുങ്ങിയത് 16 പ്രാക്ടിക്കൽ ഒരു വിഷയത്തിനു ചെയ്യുമ്പോൾ ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾക്ക് 40 പ്രാക്ടിക്കൽ ചെയ്യാനും അവ ആവർത്തിച്ച് ചെയ്യാനുമുള്ള അവസരം ലഭിക്കുന്നു.

സ്കൂളുകളിലെ കംപ്യൂട്ടർ വിദ്യാഭ്യാസം

43(423) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ കംപ്യൂട്ടർ വിദ്യാഭ്യാസം ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) അദ്ധ്യാപകർക്ക് കംപ്യൂട്ടർ പരിശീലനം നൽകുന്നതിനുള്ള പദ്ധതിയുടെ വിശദവിവരം നൽകാമോ ;

(സി) എല്ലാ വിദ്യാഭ്യാസ ജില്ലകളിലും ഐ.ടി. വിദഗ്ധകേന്ദ്രങ്ങൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ഇൻഫർമേഷൻ ടെക്നോളജി പ്രത്യേക ശാഖയായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുമോയെന്ന് വിശദമാക്കാമോ ;

(ഇ) കോളേജ് വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ സാക്ഷരത നൽകുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈസ്ക്കൂൾ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി കംപ്യൂട്ടർ അവബോധം നൽകുന്ന പരിപാടി ഘട്ടം ഘട്ടമായി നടപ്പാക്കിവരികയാണ്. ഇതിനകം 504 സ്കൂളുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ കംപ്യൂട്ടർ പഠനം 7-ാം ക്ലാസ് മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഈ പരിപാടിക്ക് അന്തിമരൂപം നൽകിയിട്ടില്ല. ഈയിടെ ഈ വിഷയത്തെപ്പറ്റി ഒരു ദേശീയ സെമിനാർ സംഘടിപ്പിച്ചിരുന്നു. കൂടാതെ വിഷൻ 2010 എന്തായിരിക്കണം എന്ന് നിർദ്ദേശിക്കുവാനും ക്ലാസ് മുറികളിൽ വിവര സാങ്കേതിക വിദ്യ എങ്ങനെ ഫലപ്രദമായി വിനിയോഗിപ്പിക്കണം എന്ന് ശുപാർശ ചെയ്യുന്നതിനുമായി പ്രൊഫ. യു. ആർ. റാവു അദ്ധ്യക്ഷനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

(ബി) കംപ്യൂട്ടർ പഠനം ക്ലാസ്മുറികളിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായി അദ്ധ്യാപക പരിശീലനം വ്യാപകമാക്കേണ്ടതുണ്ട്. കഴിഞ്ഞ വർഷം 1000 അദ്ധ്യാപകർക്ക് മൈക്രോസോഫ്റ്റ് സഹായത്തോടെ പരിശീലനം നൽകിയിരുന്നു. ഈ വർഷം പരിശീലനം കൂടുതൽ വ്യാപകമാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനുവേണ്ടി ഒരു അദ്ധ്യാപക പരിശീലന മോഡ്യൂൾ തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് പദ്ധതിക്ക് പൂർണ്ണ രൂപം നൽകുമ്പോൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

(ഡി) ഏഴാം ക്ളാസ് മുതൽ കംപ്യൂട്ടർ പഠനം ആരംഭിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ഇ) കോളേജ് വിദ്യാർത്ഥികൾക്ക് കംപ്യൂട്ടർ സാക്ഷരത നൽകുന്നതിന്റെ ഭാഗമായി കംപ്യൂട്ടർ സയൻസ് പഠന വിഷയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉച്ചക്കഞ്ഞി വിതരണത്തിനുള്ള കേന്ദ്രസഹായം

44(424) ശ്രീ. കെ. സുധാകരൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ എത്രാം ക്ളാസുവരെയുള്ള വർക്കാണ് ഉച്ചക്കഞ്ഞി നൽകുന്നത് ; എല്ലാ സാദ്ധ്യായ ദിവസങ്ങളിലും ഉച്ചക്കഞ്ഞി നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ ഈ ദിവസങ്ങളിൽ എന്നെങ്കിലും ഉച്ചക്കഞ്ഞി കൊടുക്കാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സാദ്ധ്യായ ദിവസങ്ങളിൽ എത്രശതമാനം ദിവസങ്ങളിൽ ഉച്ചക്കഞ്ഞി കൊടുക്കാതെ ഉണ്ട് ;

(സി) ഉച്ചക്കഞ്ഞിക്കുവേണ്ടി കേന്ദ്രത്തിൽ നിന്ന് എന്തെല്ലാം സഹായം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രഗവൺമെന്റ് ഈ സഹായം നൽകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമാണ് ; വ്യവസ്ഥകൾ സംസ്ഥാന ഗവൺമെന്റ് പാലിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ഉച്ചക്കഞ്ഞിക്കുവേണ്ടി കേന്ദ്രഗവൺമെന്റ് സഹായം നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം വ്യവസ്ഥകളാണ് പാലിക്കാതെയുള്ളത് ;

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും കേന്ദ്രത്തിൽനിന്ന് ഉച്ചക്കഞ്ഞി നൽകുന്നതിനുവേണ്ടി കിട്ടിയിട്ടുള്ള സഹായം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ സഹായം പൂർണ്ണമായും വിനിയോഗിക്കാത്തപക്ഷം പ്രസ്തുത സഹായത്തിൽ എന്തെല്ലാം നഷ്ടമായി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) കേന്ദ്രം നൽകിവന്ന സഹായത്തിൽ മിച്ചം വന്നത് എപ്രകാരം വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ ; അത് അപ്രകാരം വിനിയോഗിക്കുവാൻ കേന്ദ്രത്തിന്റെ അനുമതി വാങ്ങിയിരുന്നോ ;

(ഐ) ഉച്ചക്കഞ്ഞി വിതരണത്തിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാമാണ് ചെയ്തുവരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly